# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:5792

02.07.2019-ലെ മറുപടി

## പിറവം വാട്ടർ അതോറിറ്റി പ്രോജക്ട് ഡിവിഷൻ ഓഫീസിനുകീഴിൽ നിലവിലുള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അനൂപ് ജേക്കബ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | പിറവം വാട്ടർ അതോറിറ്റി പ്രോജക്ട് ഡിവിഷൻ ഓഫീസിനുകീഴിൽ നിലവിൽ എത്ര പദ്ധതികൾ നടന്നു വരുന്നു വെന്ന വിവരം ലഭ്യമാക്കുമോ; | (എ)<br>&<br>(ബി) | പിറവം വാട്ടർ അതോറിറ്റി പ്രോജക്ട് ഡിവിഷൻ ഓഫീസിനു കീഴിൽ നിലവിൽ നബാർഡ്, കിഫ്ബി ധനസഹായത്തോടുകൂടെയുള്ള 8 പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ആരക്കുഴ പാലക്കുഴ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള വിതരണ പദ്ധതിയുടെ (1350 ലക്ഷം രൂപ) ഘടകങ്ങളായ കിണർ, റോ വാട്ടർ പമ്പിങ് മെയിൻ, ക്ലിയർ വാട്ടർ പമ്പിങ് മെയിൻ/ഗ്രാവിറ്റി മെയിൻ, ഭൂതല ജലസംഭരണി, ഉന്നതതല സംഭരണി എന്നീ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. ശുദ്ധീകരണശാലയും അനുബന്ധ പ്രവൃത്തികളും പുരോഗമിച്ചു വരുന്നു.<br>2. കോതമംഗലം മണ്ഡലത്തിൽ ഉൾപ്പെട്ട കുട്ടമ്പുഴ പഞ്ചായത്തിലെ ഇഞ്ചത്തൊട്ടിക്കു വേണ്ടിയുള്ള ചെറുകിട കുടിവെള്ള വിതരണ പദ്ധതി (92 ലക്ഷം രൂപ) - കിണറും പമ്പ് ഹൗസും, ക്ലിയർ വാട്ടർ പമ്പിങ് മെയിൻ, ഉന്നതതല സംഭരണി നിർമ്മിക്കൽ, വിതരണ ശൃംഖല സ്ഥാപിക്കൽ, പ്രഷർ ഫിൽറ്റർ, പമ്പ് സെറ്റ് എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾ - 40% പൂർത്തീകരിച്ചു. കുട്ടമ്പുഴ പഞ്ചായത്തിലെ ഇഞ്ചത്തൊട്ടി വാർഡിനു മുഴുവൻ ഈ പദ്ധതിയിലൂടെ കുടിവെള്ളം ലഭ്യമാകുന്നതാണ്.<br>3. കിഫ്ബി ധനസഹായത്തോടെയുള്ള മൂവാറ്റുപുഴ മണ്ഡലത്തിലെ പൈങ്ങോട്ടൂർ പഞ്ചായത്തിനു വേണ്ടിയുള്ള സമഗ്ര കുടിവെള്ളപദ്ധതി (2882 ലക്ഷം |
| (ബി) | ഓരോ പദ്ധതിയുടെയും ഇപ്പോഴത്തെ ഘട്ടവും പദ്ധതിയുടെ ഗുണഫലങ്ങൾ ലഭ്യമാകുന്ന പ്രദേശങ്ങളും സംബന്ധിച്ച വിവരം അറിയിക്കുമോ? | | |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | രൂപ) സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. പൈങ്ങോട്ടൂർ പഞ്ചായത്തിനു വേണ്ടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.<br>4. കിഫ്ബി ധനസഹായത്തോടെയുള്ള പിറവം നഗര കുടിവെള്ള പദ്ധതി (276 ലക്ഷം രൂപ) - കക്കാട് ജലശുദ്ധീകരണ ശാല മുതൽ ഹോസ്പിറ്റൽ ജംഗ്ഷൻ വരെ 3350 മീറ്റർ നീളത്തിൽ കേടായ 350 എം.എം. എ. സി. പൈപ്പ് മാറ്റി 350 എം.എം. ഡി. ഐ. പൈപ്പ് സ്ഥാപിക്കുന്ന ജോലി -സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. പിറവം പഞ്ചായത്തിനു വേണ്ടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.<br>5. കിഫ്ബി ധനസഹായത്തോടെയുള്ള കോതമംഗലം നഗര കുടിവെള്ള പദ്ധതി (73 ലക്ഷം രൂപ) - അമ്പലപറമ്പ് മുതൽ വലിയപാറ വരെ കേടായ 300 എം.എം. എ.സി. പൈപ്പ് മാറ്റി 1000 മീറ്റർ 300 എം.എം. ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന ജോലി-സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. കോതമംഗലം പഞ്ചായത്തിനു വേണ്ടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.<br>6. കിഫ്ബി ധനസഹായത്തോടെയുള്ള പോത്താനിക്കാടിനും പല്ലാരിമംഗലത്തിനും വേണ്ടിയുള്ള ത്വരിത ഗ്രാമീണകുടിവെള്ളപദ്ധതി (180 ലക്ഷം രൂപ) - പോത്താനിക്കാട് പഞ്ചായത്തിൽ കേടായ 250 എം എം എ. സി. പൈപ്പ് മാറ്റി 250 എം.എം ഡി.ഐ പൈപ്പ് സ്ഥാപിക്കുന്ന ജോലി - സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. പോത്താനിക്കാട്, പല്ലാരിമംഗലം പഞ്ചായത്തുകൾക്ക വേണ്ടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.<br>7. കിഫ്ബി ധനസഹായത്തോടെയുള്ള പിറവത്തിനും അനുബന്ധ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി (182 ലക്ഷം രൂപ) - കക്കാട് ജലശുദ്ധീകരണശാല മുതർ പാഴൂർ സമ്പ് വരെ 2650 മീറ്റർ 250 എം.എം. എ. സി. പൈപ്പ് മാറ്റി 250 എം എം. ഡി ഐ പൈപ്പ് സ്ഥാപിക്കുന്ന ജോലി-സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. എടക്കാട്ടുവയൽ, ആമ്പല്ലൂർ, ഉദയംപേരൂർ (ഭാഗികം), പിറവം (ഭാഗികം) എന്നീ |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | പഞ്ചായത്തുകൾക്കുവേണ്ടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.<br>8. കിഫ്ബി ധനസഹായത്തോടെയുള്ള കോതമംഗലം നഗര കടിവെള്ള പദ്ധതി - (176 ലക്ഷം രൂപ) ജവഹർ ജംഗ്ഷൻ മുതൽ മാതിരപ്പിള്ളി ജംഗ്ഷൻ വരെ 2000 മീറ്റർ നീളത്തിൽ കേടായ 300 എം എം എസി പൈപ്പ് മാറ്റി 300 എം എം ഡി ഐ പൈപ്പ് സ്ഥാപിക്കുന്ന ജോലി - സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. കോതമംഗലം പഞ്ചായത്തിനു വേണ്ടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. |

**സെക്ഷൻ ഓഫീസർ**